# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4117 21.07.2015 -ൽ മറുപടിക്ക്

### കാസർഗോഡ് മുളിയാർ പഞ്ചായത്തിലെ പൊവ്വൽ കോട്ട സംരക്ഷണം

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൊവ്വൽ കോട്ടയ്ക്ക് എത്ര ഏക്കർ സ്ഥലമുണ്ട് ; ആയത് അളന്ന് തിട്ടപ്പെടുത്തി സംരക്ഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിലെ പൊവ്വൽ കോട്ടയ്ക്ക് 8.44 ഏക്കർ സ്ഥലം ഉണ്ട്. പ്രസ്തുത കോട്ട പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. സംരക്ഷിത സ്മാരകമാക്കുമ്പോൾ സ്മാരകം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ റവന്യു രേഖകൾ ആവശ്യപ്പെട്ട് അതനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ സ്മാരകങ്ങളുടെ സ്ഥല വിസ്തീർണ്ണം അളന്ന് തിട്ടപെടുത്താറില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊവ്വൽ കോട്ട സംരക്ഷിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ ; തുക എന്തിനു വേണ്ടിയാണ് അനുവദിച്ചതെന്നും പ്രസ്തുത തുക എന്തിനുവേണ്ടി ചെലവഴിച്ചു എന്നും വിശദമാക്കാമോ ? | (ബി) | കോട്ട ഉൾപ്പെടുന്ന സ്ഥലത്തെ കാടുകൾ നീക്കം ചെയ്യുന്നതിനും കോട്ടയ്ക്ക് ഭീഷണി സൃഷ്ടിക്കുന്ന മരങ്ങൾ കോട്ടയ്ക്ക് കേടുപാടുകൾ സൃഷ്ടിക്കാതെ നീക്കം ചെയ്യുന്നതിനും വെട്ടുകല്ല് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പണികൾ ചെയ്യുവാനും അമ്പലത്തിന്റെയും വാച്ച്മാൻ ക്യാബിന്റെയും സംരക്ഷണപ്പണികളും അതിർത്തിയിലുള്ള സംരക്ഷണ വേലിയുടെ പെയിന്റിംഗും ബോർഡ് സ്ഥാപിക്കുന്നതിനുമായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പണിയുടെ എൺപത് ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. |

Saradadevi
സെക്ഷൻ ഓഫീസർ